4. വൈദ്യുതി സ്വയം പര്യാപ്തത - മലപ്പുറം ജില്ലയിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കിടയിലും ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ച് നടത്തിവരുന്നു

5. ബോധവൽക്കരണ ക്ലാസ്സുകൾ- വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാർഷിക വ്യവസായിക സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും റസിഡൻഷ്യൽ അസോസിയേഷൻ മുഖേനയും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു

6. ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം - ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്ക് ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് ഉദ്ദേശം 50 ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്

7. കാർഷിക മേഖലയിൽ ഊർജ്ജ സംരക്ഷണം - കാർഷിക മേഖലയിൽ പുതുതായി സ്ഥാപിക്കുന്ന ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സംവിധാനങ്ങളിലൂടെ വൻതോതിൽ ഊർജ്ജം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്

8. സർക്കാർ ആശുപത്രിയിലെ ഊർജ്ജ സംരക്ഷണം - സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമത കൂടിയ ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നതുവഴി ഊർജ്ജ സംരക്ഷണം നടത്തുന്നുണ്ട്

9. വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കൽ - വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള പഠനം നടന്നുവരികയാണ്.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

21 (2222) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുന്നതിനായി 2014-15 സാമ്പത്തികവർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.05 കോടി രൂപ വകയിരുത്തി വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

2014-15 സാമ്പത്തികവർഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് എനർജി മാനേജ്മെന്റ് സെന്റർ മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം I ആയും കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു.*

ഊർജ്ജ മേഖലയിലെ കർമ്മപദ്ധതികൾ

22 (2223) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖലയിൽ ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 63.6 MW ന്റെ 6 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാന്റ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതിക.ൾ മത്സര ദർഘാസിലൂടെ IPP/CPP വിഭാഗങ്ങളിലായി BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly